പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1830 12.06.2019-ലെ മറുപടിക്ക്

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് ആകെ 37.69 കോടി രൂപയാണ് ചെലവായത്. |
| (ബി) | പ്രസ്തുത തുക കെ.എസ്.ആർ.ടി.സി എവിടെ നിന്നാണ് വായ്പ എടുത്തതെന്നും ഇതിന്റെ പലിശ ഉൾപ്പെടെ എത്ര രൂപയാണ് തിരികെ അടയ്ക്കേണ്ടതെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി മുഖേന ബി.ഒ.ടി വ്യവസ്ഥയിലാണ് കെ.എസ്.ആർ.ടി.സി. യുടെ അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. പൊതുജനങ്ങളിൽ നിന്നും സ്ഥിര നിക്ഷേപമായി സ്വീകരിച്ച തുക വിനിയോഗിച്ചാണ് കെ.റ്റി.ഡി.എഫ്.സി അങ്കമാലി Bus Terminal Complex-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. |
| (സി) | പദ്ധതിക്കായി ചെലവാക്കിയ വായ്പ തുകയിൽ നാളിതുവരെ എത്ര രൂപ തിരികെ അടച്ചിട്ടുണ്ടെന്നും ബാക്കി അടയ്ക്കാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) യും (ഡി) യും | പദ്ധതിയുടെ നടത്തിപ്പിനായി കെ.റ്റി.ഡി.എഫ്.സി വായ്പയൊന്നും എടുത്തിട്ടില്ല. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച സ്ഥിരനിക്ഷേപ തുക ഉപയോഗിച്ചാണ് അങ്കമാലി Bus Terminal Complex നിർമ്മിച്ചിട്ടുള്ളത്. |
| (ഡി) | പലിശ ഇനത്തിലും വായ്പ ഇനത്തിലും നാളിതുവരെ എത്ര രൂപ അടച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**